# NEW SCERT  MEGA LIVE  GEOGRAPHY - BIBIN MATHEWS

ഉള്ളടക്കം


01 ലോകത്തിന്റെ നെറുകയിൽ 07-27

02 വിശാലസമതലഭൂവിൽ 28-52

03 ഭൗമചരിത്രമുറങ്ങുന്ന പീഠഭൂമി 53-76



1.ടിബറ്റൻ ഹിമാലയം എന്ന് അറിയപ്പെടുന്നത് ?

a. ഹിമാലയം

b. ട്രാൻസ് ഹിമാലയം

c. പൂർവ്വാചൽ

d. ഹിന്ദു കുഷ്



2.ട്രാൻസ് ഹിമാലയത്തിന്റെ ശരാശരി നീളവും വീതിയും എത്ര ?

a. 965 km, 40 km

b. 1000 km , 40 km

c. 1000 km, 40 m

d. 965 km, 40 m


3.ഹിമാദ്രി നിരകളുടെ ശരാശരി വീതി എത്ര ?


a. 25 കിലോമീറ്റർ

b. 60 കിലോമീറ്റർ

c. 80 കിലോമീറ്റർ

d. 150 കിലോമീറ്റർ






| | |
|---|---|
| ഷിംല | ഹിമാചൽ പ്രദേശ് |
| കുളു, മണാലി, ഡൽഹൗസി | ഹിമാചൽ പ്രദേശ് |
| ധരംശാല | ഹിമാചൽ പ്രദേശ് |
| മസൂറി, നൈനിറ്റാൾ | ഉത്തരാഖണ്ഡ് |
| അൽമോറ, റാണിഘട്ട്. | ഉത്തരാഖണ്ഡ്. |
| കസൗനി. | ഉത്തരാഖണ്ഡ് |
| ഗുൽമർഗ്, സോനമർഗ്. | ജമ്മു - കശ്മീർ |

| | |
|---|---|
| തവാങ് | അരുണാചൽ പ്രദേശ് |
| ഡാർജിലിംഗ് | പശ്ചിമ ബംഗാൾ |

4. ഭൂവൽക്കത്തിലെ ശിലാപാളികൾ സമ്മർദ്ദ ബലത്താൽ മടങ്ങി മടക്ക് പർവ്വതങ്ങൾ രൂപപ്പെടാറുണ്ട്. ഈ പ്രവർത്തി അറിയപ്പെടുന്നത്?

a. വലനം

b. ഭ്രംശനം

c. വിയോജനം

d. വിഘടനം

5. കാളി , ടീസ്റ്റാ എന്നീ നദികൾക്കിടയിലുള്ള ഹിമാലയ ഭാഗം അറിയപ്പെടുന്നത് ?


a. പടിഞ്ഞാറ് ഹിമാലയം

b. മധ്യ ഹിമാലയം

c. കിഴക്കൻ ഹിമാലയം

d. വടക്കൻ ഹിമാലയം

1. പടിഞ്ഞാറൻ ഹിമാലയം - സിന്ധു, കാളി
2. മധ്യഹിമാലയം - കാളി, ടീസ്ത
3. കിഴക്കൻ ഹിമാലയം - ടീസ്ത, ബ്രഹ്മപുത്ര




6. സമുദ്രനിരപ്പിൽ നിന്നും സാധാരണ എത്ര മീറ്റർ ഉയരത്തിലുള്ള ഭൂരൂപങ്ങളാണ് പർവതങ്ങൾ എന്നറിയപ്പെടുന്നത് ?

a. 1000 മീറ്റർ

b. 900 മീറ്റർ

c. 800 മീറ്റർ

d. 700 മീറ്റർ

7. ജമ്മുവിനെ കാശ്മീർ താഴ്വരയുമായി ബന്ധിപ്പിക്കുന്ന ചുരം ഏത് ?

a. സോജില

b. ഫോട്ടുലാ

c. ഖർദുംഗ് ലാ

d. ബനിഹൽ

8. പടിഞ്ഞാറൻ ഹിമാലയത്തെ വിവിധ വിഭാഗങ്ങളായി തരംതിരിക്കുമ്പോൾ കാരക്കോറം , ലഡാക്ക്, സസ്കർ, പീർ പാഞ്ചാൽ തുടങ്ങിയ മലനിരകൾ ഏത് ഹിമാലയ ഭാഗത്ത് ഉൾപ്പെടും?

a. കാശ്മീർ ഹിമാലയം

b. ഹിമാചൽ ഹിമാലയം

c. ഉത്തരാഖണ്ഡ് ഹിമാലയം

d. സിക്കിം ഹിമാലയം

**<u>കാശ്മീർ ഹിമാലയം</u>**

- ജമ്മുകാശ്മീർ, ലഡാക്ക് പ്രദേശത്ത് വ്യാപിച്ച് കിടക്കുന്നു.
- ഏകദേശ വിസ്തൃതി - 3.5 ലക്ഷം ചതുരശ്ര കിലോമീറ്റർ
- ഏകദേശ നീളം - 700 കിലോമീറ്റർ
- ഏകദേശ വീതി - 500 കിലോമീറ്റർ
- ധാരാളം മഞ്ഞുമൂടിയ കൊടുമുടികളും താഴ്വരകളും മലനിരകളും നിറഞ്ഞ മേഖലയാണിത്.
- ഈ മേഖലയിലെ പ്രധാന പർവതനിരകളാണ് കാരക്കോറം, സസ്കർ, ലഡാക്ക്, പീർപഞ്ചാൽ എന്നിവ.
- ലോകത്തിലെ രണ്ടാമത്തെ ഉയരമേറിയ കൊടുമുടിയായ മൗണ്ട് K2 (Godwin Austin-8611m) കാരക്കോറം നിരയിലാണ് സ്ഥിതിചെയ്യുന്നത്.
- സിയാച്ചിൻ, ബോൽടോരോ തുടങ്ങിയവ ഈ പ്രദേശത്തെ പ്രധാന ഹിമാനികളാണ്.
- സിയാച്ചിൽ - ലഡാക്ക്.
- ബോടോരോ- പാക് അധിനിവേശ കാശ്മീർ.

**ചുടുനീരുറവകൾ രൂപപ്പെടുന്നതെങ്ങനെ?**

മഴവെള്ളം ഭൂമിക്കടിയിലേക്ക് ഊർന്നിറങ്ങി ഭൂഗർഭജലത്തിന്റെ ഭാഗമാകുന്നു. പർവതരൂപീകരണം പോലുള്ള ഭൗമപ്രവർത്തനങ്ങൾ സജീവമായ ഇടങ്ങളിൽ ഭൗമോപരിതലത്തിനടിയിലെ ശിലാപാളികൾ ചൂടുപിടിക്കുകയും ഈ ശിലകൾ ഭൂഗർഭജലത്തെ ചൂടാക്കുകയും ചെയ്യുന്നു. ഇങ്ങനെ ചൂടുപിടിച്ച ഭൂഗർഭജലം ഭൗമോപരിതലത്തിൽ ഉറവകളായെത്തുന്നതാണ് ചുടുനീരുറവകൾ. ഹിമാലയപർവത ഭാഗങ്ങളിൽ ധാരാളം ചുടുനീരുറവകൾ കാണാം. ഉദാ: നുബ്രതാഴ്‌വര, മണികരൺ, ഖീർഗംഗ. ചുടുനീരുറവകളിൽ നിന്നുമുള്ള ഭൗമതാപോർജം (Geothermal Energy) ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുവാൻ സാധിക്കും. ഹിമാചൽപ്രദേശിലെ മണികരൺ ചുടുനീരുറവയിൽ നിന്നും ഇത്തരത്തിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്നുണ്ട്.

## ഹിമാചൽ ഹിമാലയം

- പ്രധാനമായും ഹിമാചൽപ്രദേശ് സംസ്ഥാനം ഉൾപ്പെടുന്ന ഹിമാലയ ഭാഗമാണ് ഹിമാചൽ ഹിമാലയം.
- ഈ പർവതപ്രദേശത്തെ പ്രധാന നദികൾ - ചിനാബ്, രവി, ബിയാസ്.
- ഈ പ്രദേശത്തെ പർവതനിരകൾ - ധൗളാധർ, [പീർപഞ്ചാൽ]
- ശുദ്ധജലതടാകങ്ങൾ - ചന്ദ്രതാൽ, സൂരജ്താൽ. (ലാഹൗൾ സ്പിതി മേഖലയിൽ സ്ഥിതി ചെയ്യുന്നു)

## ഉത്തരാഖണ്ഡ് ഹിമാലയം

- സത്ലജ് നദി മുതൽ കാളീനദി വരെ യുള്ള ഹിമാലയപ്രദേശം.
- ഇതിന്റെ പടിഞ്ഞാറുഭാഗം ഗഢ്വാൾ ഹിമാലയം എന്നും കിഴക്കൻഭാഗം കുമയൂൺ ഹിമാലയം എന്നും അറിയപ്പെടുന്നു.
- പ്രധാന കൊടുമുടികൾ - നന്ദാദേവി, കാമെറ്റ്, ബദരീനാഥ്, കേദാർനാഥ്.
- ഹിമാനികൾ - ഗംഗോത്രി, യമുനോത്രി.

9. കാശ്മീർ ഹിമാലയത്തിൽ ഉൾപ്പെടുന്ന ഏത് തടാകത്തിന്റെ താഴ്വരയിലാണ് ശ്രീനഗർ പട്ടണം സ്ഥിതി ചെയ്യുന്നത്?

a. മാനസരോവർ തടാകം

b. ദാൽ തടാകം

c. ചന്ദ്രതാൽ തടാകം

d. സൂരജ് താൽ തടാകം

ആഴമേറിയതും ചെങ്കുത്തായ വശങ്ങളോടു കൂടിയതുമായ താഴ്വരകളാണ് ഗിരികന്ദരങ്ങൾ (Gorges)







10.കാശ്മീർ ഹിമാലയ പർവത ചെരുവുകളിൽ വേനൽക്കാലത്ത് രൂപപ്പെടുന്ന പുൽമേടുകളാണ് ?

a. ദ്വാർ

b. മർഗ്

c. ടെറായ്

d. റാൻ


11.ഹിമാചൽ മേഖലയിലെ പ്രധാനപ്പെട്ട ചുരങ്ങൾ താഴെ തന്നിരിക്കുന്നതിൽ ഏതെല്ലാം ?

a. ഉംലിംഗ് ലാ , ഖർദുംഗ് ലാ

b. സോജിലാ , ഫോട്ടു ലാ

c. ബാരാലാച്ചാ ലാ , റോഹ്താങ് ചുരം

d. നാഥുല , ജലപ് ലാ



ചിത്രം 1.9 (a)
ചിത്രം 1.9 (b)

12.ഉത്തരാഖണ്ഡ് ഹിമാലയത്തിന്റെ പടിഞ്ഞാറുഭാഗം അറിയപ്പെടുന്ന പേര്?

a. കുമയൂൺ ഹിമാലയം

b. ഗഡ് വാൾ ഹിമാലയം

c. പീർപാഞ്ചൽ ഹിമാലയം

d. മഹാഭാരത ഹിമാലയം

13.ലെസ്സർ ഹിമാലയത്തിനും ശിവാലിക് മലനിരകൾക്കും ഇടയിൽ കാണപ്പെടുന്ന നിരപ്പായ താഴ്വരകൾ അറിയപ്പെടുന്നത് ?

a. ദ്വാർ

b. ഡ്യൂണുകൾ

c. ഗോർജുകൾ

d. കാന്യോണുകൾ

14. ഹിമാലയത്തിൽ ഏകദേശം 3000 മുതൽ 4500 മീറ്റർ ഇടയിൽ കാണപ്പെടുന്ന പുൽമേടുകൾ ഗഡ് വാൾ മേഖലയിൽ ഏത് പേരിൽ അറിയപ്പെടുന്നു?

a. മർഗ്

b. പയാർ

c. ബുഗ്യാൽ

d. ഗുൽമർഗ്


15. നേപ്പാൾ ഹിമാലയം എന്നറിയപ്പെടുന്ന ഹിമാലയ ഭാഗം?

a. പടിഞ്ഞാറ് ഹിമാലയം

b. മധ്യ ഹിമാലയം

c. കിഴക്കൻ ഹിമാലയം

d. വടക്കൻ ഹിമാലയം




16.അസം ഹിമാലയം എന്ന പേരിൽ അറിയപ്പെടുന്ന കിഴക്കൻ ഹിമാലയത്തിലെ പ്രധാന കൊടുമുടി ഏത്

a. നംച ബർവ

b. നംഗ പർബത്

c. കാഞ്ചൻ ജംഗ

d. അന്നപൂർണ്ണ

17.അരുണാചൽ പ്രദേശിനെ ടിബറ്റിലെ ലാസയുമായി ബന്ധിപ്പിക്കുന്ന ചുരം ഏത്?

a. ബോംഡില ചുരം

b. ദിഫു ചുരം

c. നാഥുലാ ചുരം

d. സോജിലാ ചുരം

18.ലോക്തക് തടാകത്തിൽ കാണപ്പെടുന്ന സസ്യാവശിഷ്ടങ്ങളും

മണ്ണും കൂടി കലർന്ന പൊങ്ങിക്കിടക്കുന്നതുരുത്തുകൾ അറിയപ്പെടുന്ന പേര്?

a. ഫുംടികൾ

b. ബെറ്റ്ലാന്റ്

c. ബരിന്ദ്

d. ഇവയൊന്നുമല്ല

19. ട്രാൻസ് ഹ്യൂമൻസ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

a. ട്രാൻസ് ഹിമാലയത്തിന്റെ ഉയരങ്ങളിൽ താമസിക്കുന്ന ഗോത്ര വിഭാഗക്കാർ.

b. ഹിമാലയത്തിന്റെ ഉയരങ്ങളിൽ താമസിക്കുന്ന ഇടയവിഭാഗങ്ങൾ അറിയപ്പെടുന്ന പേര്.

c. ഹിമാലയത്തിന്റെ ഉയർന്ന പർവതചെരുവുകളിൽ മാറിമാറി ചെയ്യുന്ന കൃഷി രീതി അറിയപ്പെടുന്ന പേര്.

d. വളർത്തുമൃഗങ്ങളോടൊപ്പം താഴ്വരകളിലേക്കും തുടർന്ന് പർവത ചേരുവകളിലേക്കുമുള്ള ഇടയന്മാരുടെ കാലിക ദേശാടനം.

**<u>കൃഷി</u>**

- ഭൂപരമായ പരിമിതികൾ കാരണം പർവത പ്രദേശങ്ങളിൽ കൃഷി താരതമ്യേന കുറവാണ്.
- ഉയരം, ചെങ്കുത്തായ ചരിവ്, പാകമാകാത്ത മണ്ണ് (Immature Soil) കുറഞ്ഞതാപനില തുടങ്ങിയവ യാണ് പ്രതികൂലഘടകങ്ങൾ.
- എന്നിരുന്നാലും ഈ പ്രദേശത്തെ ജനങ്ങൾ വിവിധ ഉപജീവനകൃഷികളിൽ ഏർപ്പെടുന്നു.
- പർവതച്ചരിവുകൾ തട്ടുകളായിത്തിരിച്ച് ഓരോ പ്രദേശത്തിനും അനുയോജ്യമായ വിളകൾ കൃഷിചെയ്യുന്നു.

- മഴക്കാലത്ത് കൃഷി ചെയ്യുന്ന വിളകൾ - നെല്ല്, പയറുവർഗങ്ങൾ, ഉരുളക്കിഴങ്ങ് etc...
- വസന്തകാലത്ത് കൃഷി ചെയ്യുന്ന വിളകൾ - ഗോതമ്പ് , മിതോഷ്ണ പഴവർഗങ്ങൾ etc...
- കിഴക്കൻ ഹിമാലയത്തിന്റെ പർവതച്ചരി വുകളിലും താഴ്വാരങ്ങളിലും പ്രത്യേകിച്ച് അസം, ഡാർജിലിംഗ് മേഖലകളിൽ തേയിലക്കൃഷിയാണ് കൂടുത ലായി ഉള്ളത്.

<u>മൃഗപരിപാലനം</u>

- താഴ്വാരങ്ങളിൽ ആട്, പശു തുടങ്ങിയ മൃഗങ്ങളും ഉയരം കൂടിയ പർവതഭാഗങ്ങളിൽ ചെമ്മരിയാട്, കുതിര തുടങ്ങിയവയും, ശൈത്യമേഖലയായ ഹിമാചൽ, ലഡാക്ക് ഭാഗങ്ങളിൽ തണുപ്പിനെ അതിജീവിക്കാൻ ശേഷി യുള്ള 'യാക്ക്' പോലുള്ള മൃഗങ്ങളെയും വളർത്തുന്നു.
- പടിഞ്ഞാറൻ ഹിമാലയത്തിലെ പർവതപ്പുൽ മേട്ടുകളിൽ മൃഗപരിപാലനം നടത്തുന്ന ഇടയ ജനവിഭാഗമാണ് ഗുജ്ജർ.

20. നദീമുഖം എന്നാൽ ?

a) നദികൾ ഉദ്ഭവിക്കുന്ന പ്രദേശം.

b) നദികൾ പിരിഞ്ഞൊഴുകുന്ന പ്രദേശം.

c) ഒരു നദി മറ്റൊരു നദിയിലേക്ക് ചേരുന്ന ഭാഗം.

d) ഒരു നദി കടലിലോ മറ്റേതെങ്കിലും ജലാശയത്തിലോ പതിക്കുന്ന ഭാഗം.

21.ഉത്തരമഹാസതലത്തിലെ എക്കൽ നിക്ഷേപത്തിന്റെ ഏകദേശം കനം

എത്രയാണ് ?

a) 1000 - 3000 മീറ്റർ.

b) 1000 - 2000 മീറ്റർ

c) 1000 - 1500 മീറ്റർ

d) 1000 - 5000 മീറ്റർ


22. സിന്ധു നദി മുഖം മുതൽ ഗംഗാ നദീമുഖം വരെ ഏകദേശം എത്ര കിലോമീറ്റർ നീളത്തിലാണ് ഉത്തര മഹാസമതലം വ്യാപിച്ചുകിടക്കുന്നത് ?


a) 2400 കിലോമീറ്റർ

b) 3000 കിലോമീറ്റർ

c) 2500 കിലോമീറ്റർ

d) 3200 കിലോമീറ്റർ






ചിത്രം 2.3

23. ഥാർ മരുഭ്രമി വ്യാപിച്ച കിടക്കുന്ന സംസ്ഥാനങ്ങൾ ?

a) രാജസ്ഥാൻ, ഗുജറാത്ത്, ഹരിയാന, ഹിമാചൽ പ്രദേശ്

b) രാജസ്ഥാൻ, പഞ്ചാബ്, ഹരിയാന, ഗുജറാത്ത്

c) രാജസ്ഥാൻ, പഞ്ചാബ്, ഹരിയാന

d) രാജസ്ഥാൻ, പഞ്ചാബ്, ഗുജറാത്ത്, മധ്യപ്രദേശ്

**രാജസ്ഥാൻ സമതലം**

ഥാർ മരുഭൂമി ഉൾപ്പെടുന്ന രാജസ്ഥാൻ സമതലം ഉത്തരേന്ത്യൻ സമതലത്തിന്റെ പടിഞ്ഞാറേ അറ്റമാണ്. ഥാർ മരുഭൂമിയുടെ മൂന്നിൽ രണ്ട് ഭാഗവും രാജസ്ഥാനിലാണ് സ്ഥിതിചെയ്യുന്നത്. ബാക്കിഭാഗം ഹരിയാന, പഞ്ചാബ്, ഗുജറാത്ത് എന്നീ അയൽസംസ്ഥാനങ്ങളിലായി വ്യാപിച്ചു കിടക്കുന്നു. യഥാർത്ഥ മരുഭൂമിമേഖല അഥവാ മരുസ്ഥലി എന്നും അർധമരുഭൂമിമേഖല (അർധവരണ്ടസമതലം) അഥവാ രാജസ്ഥാൻ ബാഗർ എന്നും ഥാർ മരുഭൂമിയെ രണ്ട് പ്രധാന മേഖലകളായി തരം തിരിക്കാം. ഥാർ മരുഭൂമിയുടെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ തുടർന്നുള്ള പാഠഭാഗങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

അരാവലി പർവതനിരയുടെ പടിഞ്ഞാറായാണ് രാജസ്ഥാൻ സമതലം സ്ഥിതിചെയ്യുന്നത്.

24. ദിദ്വാന, സർഗോൾ തുടങ്ങിയവ എന്താണ് ?

a) രാജസ്ഥാൻ സമതലത്തിലെ ശുദ്ധജല തടാകങ്ങൾ.

b) ഗുജറാത്തിൽ സ്ഥിതി ചെയ്യുന്ന തടാകങ്ങൾ.

c) രാജസ്ഥാൻ സമതലത്തിലെ ഉപ്പ് തടാകങ്ങൾ.

d) ഗുജറാത്തിൽ കാണപ്പെടുന്ന ചതുപ്പ് പ്രദേശങ്ങൾ.

25. ത്സലം, ചിനാബ് നദികൾക്കിടയിലും സിന്ധു നദിക്കുമിടയിൽ സ്ഥിതി ചെയ്യുന്ന ഡോബ് അറിയപ്പെടുന്നത് ?

a) സിന്ധ് സാഗർ ഡോബ് .


b) ബിസ്റ്റ ജലന്ധർ ഡോബ്.

c) ബാരി ഡോബ്.

d) ചാജ് ഡോബ്.

**പ്രധാന ദോബുകൾ**

- ബിസ്റ്റ്-ജലന്ധർ ദോബ് - ബിയാസ്, സത്‌ലജ് എന്നീ നദികൾക്കിടയിൽ സ്ഥിതിചെയ്യുന്നു.
- ബാരി ദോബ് - ബിയാസ്, രവി എന്നീ നദികൾക്കിടയിൽ സ്ഥിതിചെയ്യുന്നു.
- രച്നാദോബ് - രവി, ചിനാബ് എന്നീ നദികൾക്കിടയിൽ സ്ഥിതിചെയ്യുന്നു.
- ചാജ് ദോബ് - ചിനാബ്, ഝലം എന്നീ നദികൾക്കിടയിൽ സ്ഥിതിചെയ്യുന്നു.
- സിന്ധ്സാഗർ ദോബ് - ഝലം - ചിനാബ് നദികൾക്കും സിന്ധു നദിക്കുമിടയിൽ സ്ഥിതിചെയ്യുന്നു.





26. എന്താണ് എക്കൽ വിശറികൾ ?

a) നദികൾ കടലിൽ പതിക്കുന്നതിന് മുമ്പ് രൂപപ്പെടുത്തുന്ന വിശാലമായ എക്കൽ പ്രദേശങ്ങൾ.

b) നദികൾ കൈവഴികളായി പിരിഞ്ഞൊഴുകുമ്പോൾ രൂപപ്പെടുന്ന നിക്ഷേപങ്ങൾ

c) നദികൾ സമതലത്തിൽ പ്രവേശിക്കുമ്പോൾ അവസാദങ്ങൾ നിക്ഷേപിക്കപ്പെടുന്നത്.

d) നദികൾ വളഞ്ഞു പുളഞ്ഞൊഴുകുമ്പോൾ രൂപപ്പെടുന്ന നിക്ഷേപങ്ങൾ





27. സമുദ്ര നിരപ്പിൽ നിന്നും ശരാശരി എത്ര മീറ്റർ ഉയർത്തലാണ് ഗംഗാസമതലം സ്ഥിതി ചെയ്യുന്നത് ?

a) 100 മീറ്റർ b) 150 മീറ്റർ

c) 200 മീറ്റർ d) 250 മീറ്റർ

entri




28. ഭൂമിശാസ്ത്രപരമായ സവിശേഷതകൾ അടിസ്ഥാനമാക്കി ഗംഗാസമതലത്തെ എത്ര ഭാഗമായി തരംതിരിക്കാം ?

a) 5 b) 4 c) 3 d) 2


29. അസമിന്റെ കിഴക്കേ അതിർത്തി മുതൽ ദൂബ്രിയുടെ പടിഞ്ഞാറ് വരെ വ്യാപിച്ചുകിടക്കുന്ന സമതലം അറിയപ്പെടുന്നത്?

a) ഗംഗ സമതലം

b) ബ്രഹ്മപുത്ര സമതലം

c) രാജസ്ഥാൻ സമതലം

d) പഞ്ചാബ് ഹരിയാന സമതലം





## ബ്രഹ്മപുത്രാസമതലം

ഉത്തരേന്ത്യൻ സമതലത്തിന്റെ ഏറ്റവും കിഴക്ക് ഭാഗമായ ബ്രഹ്മപുത്രാസമതലം ബ്രഹ്മപുത്രാതാഴ്‌വര, അസംതാഴ്‌വര, അസംസമതലം എന്നിങ്ങനെ വ്യത്യസ്ത പേരുകളിൽ അറിയപ്പെടുന്നു. അസമിന്റെ കിഴക്കേ അറ്റം മുതൽ ബംഗ്ലാദേശ് അതിർത്തിക്കടുത്തുള്ള ധുബ്രിയുടെ പടിഞ്ഞാറ് വരെ വ്യാപിച്ചുകിടക്കുന്ന ഈ സമതലത്തിന് ഏകദേശം 720 കിലോമീറ്റർ നീളവും ശരാശരി 60 മുതൽ 70 കിലോമീറ്റർ വരെ വീതിയുമുണ്ട്. ബ്രഹ്മപുത്രാസമതലത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും സ്ഥിതിചെയ്യുന്നത് അസമിലാണ്. പൊതുവെ ഉത്തരേന്ത്യൻ സമതലത്തിന്റെ കിഴക്കോട്ടുള്ള തുടർച്ചയായിട്ടാണ് ബ്രഹ്മപുത്രാസമതലത്തെ കണക്കാക്കുന്നതെങ്കിലും, ഭൂമിശാസ്ത്രപരമായി ബ്രഹ്മപുത്രാസമതലം വേറിട്ട് നിൽക്കുന്നു. വടക്ക്, കിഴക്കൻ ഹിമാലയവും കിഴക്ക് പത്കായ്-നാഗാകുന്നുകളും തെക്ക് ഗാരോ-ഖാസി-ജയന്തിയാകുന്നുകളും മികിർകുന്നുകളും ചേർന്ന് ഈ സമതലഭാഗത്തെ വേർതിരിച്ച് നിർത്തുന്നു. ബ്രഹ്മപുത്രാസമതലത്തിന്റെ പടിഞ്ഞാറായി കീഴ്ഗംഗാസമതലം സ്ഥിതി ചെയ്യുന്നു.

- വിസ്തൃതി - ഏകദേശം 56275 ചതുരശ്ര കിലോമീറ്റർ .
- ബ്രഹ്മപുത്രാനദിയുടെയും അതിന്റെ പോഷകനദികളുടെയും നിക്ഷേപണപ്രക്രിയയിലൂടെയാണ് ഈ സമതലം രൂപപ്പെട്ടത്.
- ടീസ്റ്റ, മാനസ്, ലോഹിത്, ദിബാംഗ്, എന്നിവയാണ് ബ്രഹ്മപുത്രയുടെ പ്രധാന പോഷകനദികൾ.

## ഗംഗാസമതലം

- പഞ്ചാബ്-ഹരിയാന സമതലത്തിന്റെ കിഴക്കായി സ്ഥിതിചെയ്യുന്ന സമതല ഭാഗമാണ് ഗംഗാ സമതലം.
- കിഴക്ക് ബംഗ്ലാദേശ് മുതൽ പടിഞ്ഞാറ് യമുനാനദി വരെ ഗംഗാസമതലം വ്യാപിച്ചിരിക്കുന്നു.
- ഗംഗാനദിയും ഗംഗയുടെ പോഷക നദികളും ചേർന്നുള്ള നിക്ഷേപണപ്രക്രിയയിലൂടെയാണ് അതിവിശാലമായ ഈ സമതലം രൂപപ്പെട്ടത്.
- വിസ്തൃതി - ഏകദേശം 3.75 ലക്ഷം ചതുരശ്ര കിലോമീറ്റർ.
- ഉത്തരാഖണ്ഡ്, ഉത്തർ പ്രദേശ്, ഹരിയാന, ഡൽഹി എന്നീ സംസ്ഥാനങ്ങളേയും ഝാർഖണ്ഡ്, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളുടെ ചില ഭാഗങ്ങളേയും ഉൾ ക്കൊള്ളുന്നു.
- സമുദ്രനിരപ്പിൽ നിന്നും ശരാശരി 200 മീറ്റർ ഉയരമുള്ള ഗംഗാസമതലത്തിന്റെ പൊതുവായ ചരിവ് കിഴക്കോട്ടും തെക്കുകിഴക്കോട്ടുമാണ്.




## ഡൽറ്റകൾ



സമതലങ്ങളിലൂടെ ഒഴുകി നദീമുഖങ്ങളോട് അടുക്കുമ്പോൾ നദി വളരെ സാവധാനം ഒഴുകുന്നു. നദികൾ വഹിച്ചുകൊണ്ടുവരുന്ന അവസാദത്തിന്റെ അളവ് കൂടുതലായതിനാലും നദീജലം കൂടുതലായതിനാലും മിക്ക നദികളും ഈ പ്രദേശത്ത് കൈവഴികളായി പിരിഞ്ഞ് ഒഴുകുന്നു. അപ്പോൾ നദികൾ ഒഴുക്കിക്കൊണ്ടുവരുന്ന അവസാദങ്ങൾ ഈ കൈവഴികൾക്കിടയിൽ നിക്ഷേപിക്കപ്പെട്ട് ഏതാണ്ട് ത്രികോണാകൃതിയിലുള്ള ഭൂരൂപങ്ങൾ രൂപംകൊള്ളുന്നു. ഇവയാണ് ഡൽറ്റകൾ. ഗ്രീക്ക് അക്ഷരമാലയിലെ ഡൽറ്റ (Δ) എന്ന അക്ഷരത്തിന്റെ ആകൃതിയോട് സാമ്യമുള്ളതുകൊണ്ടാണ് ഇവയ്ക്ക് ഈ പേര് വന്നത്.


30. നദികൾ താരതമ്യേന ചെരിവ് കുറഞ്ഞ പ്രദേശങ്ങളിലൂടെ ഒഴുകുമ്പോൾ അവസാദ നിക്ഷേപങ്ങൾ നദിയുടെ ഒഴുക്കിനെ തടസ്സപ്പെടുത്തുകയും നദി വളഞ്ഞുപുളഞ്ഞ് ഒഴുകി വലയങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.ഇതിന് കാരണമായ പ്രതിഭാസം എന്ത്?

a) തുടർച്ചയായ നിക്ഷേപണ പ്രവർത്തി.

b) തുടർച്ചയായ അപരദന പ്രവർത്തി.

c) തുടർച്ചയായ അപരദന നിക്ഷേപണ പ്രവർത്തി.

d) തുടർച്ചയായ അപക്ഷയ പ്രവർത്തി.





31. ഭൂപ്രകൃതി സവിശേഷതകളുടെ അടിസ്ഥാനത്തിൽ ഉത്തരേന്ത്യൻ സമതലങ്ങളെ വടക്കു നിന്ന് തെക്കോട്ട് ഏതൊക്കെ മേഖലകളായി തിരിക്കാം ?


a) ഭാബർ ടെറായി, ഖാദർ.

b) ടെറായ്, ഭാബർ, ഖാദർ.

c) ഭാബർ, ഖാദർ, ഭംഗർ.

d) ഭാബർ, ടെറായ്, എക്കൽ സമതലങ്ങൾ.





32. പർവ്വത ഭാഗത്തുനിന്നും നദികൾ കൊണ്ടുവരുന്ന ഭാരമേറിയ ഉരുളൻ കല്ലുകൾ കാണപ്പെടുന്ന ഉത്തര മഹാസമതലത്തിലെ മേഖലയേത്?

a) ഭാബർ

b) ടെറായ്

c) ദ്വാർ

d) മെർഗ്



33. ടെറായ് മേഖലയുടെ വീതി എത്ര ?

a) 8 - 10 km.

b) 10 - 20 km.

c) 10 - 16 km.

d) 10 - 25 km.

34.പൊടിമണൽ ,മണൽ, ചരൽ എന്നിവ ഉൾപ്പെടുന്ന അവസാദങ്ങൾ നദീതടത്തിൽ നിക്ഷേപിക്കപ്പെട്ട് രൂപപ്പെടുന്ന രേഖീയ ഭൂരൂപങ്ങളാണ് ?

a) പിണഞ്ഞൊഴുകുന്ന അരുവികൾ.

b) നീർച്ചാൽ തിട്ടകൾ

c) മണൽ വരമ്പുകൾ.

d) നദീജന്യ ദ്വീപുകൾ

entri

### നദീജന്യദ്വീപുകൾ, നീർച്ചാൽ തിട്ടകൾ, മണൽ വരമ്പുകൾ




സമതലങ്ങളിൽ നദിയുടെ ഒഴുക്കും ആഴവും താരതമ്യേന വളരെ കുറവാണ്. ആയതിനാൽ അവ ഒഴുക്കിക്കൊണ്ടു വരുന്ന അവസാദങ്ങൾ നദീചാലുകളിൽ ദ്വീപുകളായും (നദീജന്യദ്വീപുകൾ) വശങ്ങളിൽ തിട്ടകളായും (നീർച്ചാൽതിട്ടകൾ) നിക്ഷേപിക്കപ്പെടുന്നു. പൊടിമണൽ, മണൽ, ചരൽ എന്നിവ ഉൾപ്പെടുന്ന അവസാദങ്ങൾ നദീതടത്തിൽ നിക്ഷേപിക്കപ്പെട്ട് രൂപപ്പെടുന്ന രേഖീയ ഭൂരൂപങ്ങളാണ് മണൽ വരമ്പുകൾ.

- നിക്ഷേപണഭൂരൂപങ്ങളായ നദീജന്യ ദ്വീപുകൾ (Riverine Island), മണൽവരമ്പുകൾ (Sandbars), ഡൽറ്റകൾ എന്നിവ ഈ മേഖലയുടെ സവിശേഷതകളാണ്.
- പിണഞ്ഞൊഴുകുന്ന അരുവികൾ (Braided Streams), വലയങ്ങൾ (Meanders), ഓക്സ്-ബോതടാകങ്ങൾ എന്നിവയും ഇവിടുത്തെ സവിശേഷതകളാണ്.
- സമതലങ്ങളിൽ നദിയുടെ ഒഴുക്കും ആഴവും വളരെ കുറവാണ്.
- ആയതിനാൽ അവ ഒഴുക്കിക്കൊണ്ടു വരുന്ന അവസാദങ്ങൾ നദീചാലുകളിൽ ദ്വീപുകളായും (നദീജന്യദ്വീപുകൾ) വശങ്ങളിൽ തിട്ടകളായും (നീർച്ചാൽതിട്ടകൾ) നിക്ഷേപിക്കപ്പെടുന്നു.

- പൊടിമണൽ, മണൽ, ചരൽ എന്നിവ ഉൾപ്പെടുന്ന അവസാദങ്ങൾ നദീതടത്തിൽ നിക്ഷേപിക്കപ്പെട്ട് രൂപപ്പെടുന്ന രേഖീയ ഭൂരൂപങ്ങളാണ് മണൽ വരമ്പുകൾ.






Floodplain
Channel
0 1 2 km
Levees

35.ഉത്തരേന്ത്യയിൽ ഡിസംബറും ജനവരിയുമാണ് ഏറ്റവും തണുപ്പുള്ള മാസങ്ങൾ. എന്തുകൊണ്ടാണ് ഉത്തരേന്ത്യ സമതലങ്ങളിൽ അതിശൈത്യം അനുഭവപ്പെടുന്നത്?

a) കാലാവസ്ഥ മിതപ്പെടുത്തുന്ന സമുദ്രത്തിന്റെ സ്വാധീനത്തിൽ നിന്നും അകലെയായതിനാൽ.

b) ഹിമാലയ പർവത നിരകളിലെ മഞ്ഞുവീഴ്ച അതിശക്തമായ ശീത കാറ്റിനു കാരണമായതിനാൽ.

c) ഉത്തരാർധ ഗോളത്തിൽ നിന്നും ദക്ഷിണാർത്ഥ ഗോളത്തിലേക്കുള്ള സൂര്യൻറെ അയനം.

d) പശ്ചിമേഷ്യയിൽ നിന്നും വരുന്ന ശീതക്കാറ്റ് ഉത്തരേന്ത്യൻ സമതലത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ മഞ്ഞ്,ഹിമം മൂടൽമഞ്ഞ്, ശീത തരംഗം എന്നിവയ്ക്ക് കാരണമാകുന്നതിനാൽ.

36.ഏതൊക്കെ മാസങ്ങളിലാണ് രാജസ്ഥാനിലെ മരുഭൂമി പ്രദേശങ്ങളിൽ നിന്നും ഗംഗാസമതലത്തിലേക്ക് ശക്തിയേറിയ വരണ്ട ഉഷ്ണ കാറ്റുകൾ വീശുന്നത്?

a) മാർച്ച്, ഏപ്രിൽ.

b) ഏപ്രിൽ, മെയ്.

c) മെയ്, ജൂൺ.

d) ജൂൺ, ജൂലൈ.

**ഉഷ്ണകാലം**

മാർച്ച് മാസത്തോടെ ഉത്തരേന്ത്യൻ സമതലങ്ങളിൽ താപനില ഉയരുവാൻ തുടങ്ങും. ഏപ്രിൽ, മെയ്, ജൂൺ എന്നീ മാസങ്ങളിലാണ് ഉത്തരേന്ത്യൻ സമതലങ്ങളിൽ ഉഷ്ണകാലം അനുഭവപ്പെടുന്നത്. ഉത്തരേന്ത്യൻ സമതല ങ്ങളിൽ ഉഷ്ണകാലം അതികഠിനമാണ്. മെയ് മാസത്തോടെ പടിഞ്ഞാ റൻ ഭാഗങ്ങളിൽ താപനില 48 ഡിഗ്രി സെൽഷ്യസ് വരെ ഉയരാറുണ്ട്.

മെയ്, ജൂൺ മാസങ്ങളിൽ രാജസ്ഥാനിലെ മരുഭൂമി പ്രദേശങ്ങളിൽ നിന്നും ഗംഗാസമതലത്തിലേക്ക് ശക്തിയേറിയ വരണ്ട ഉഷ്ണക്കാറ്റുകൾ വീശാ റുണ്ട്. '**ലൂ**' എന്നറിയപ്പെടുന്ന ഈ കാറ്റുകൾ ഉത്തരേന്ത്യൻ സമതലത്തിലെ താപനില ഗണ്യമായി ഉയർത്തുന്നു.

പഞ്ചാബ്, ഹരിയാന, കിഴക്കൻ രാജസ്ഥാൻ, ഉത്തർപ്രദേശ് എന്നിവിട ങ്ങളിൽ വൈകുന്നേരങ്ങളിൽ പൊടിനിറഞ്ഞ കാറ്റുകൾ സാധാരണയാണ്.

ഇത്തരം കാറ്റുകൾ ചെറിയതോതിലുള്ള മഴയ്ക്ക് കാരണമായതിനാൽ അതികഠിനമായ വേനൽച്ചൂടിൽനിന്നും അൽപ്പം ആശ്വാസം ലഭിക്കുന്നു.

37.ജാവഡി കുന്നുകൾ, നൽക്കോണ്ടമല, നല്ലമല മഹേന്ദ്ര ഗിരി തുടങ്ങിയവ ഏത് മലനിരയുടെ ഭാഗമാണ് ?


a)പശ്ചിമഘട്ടം

b) പൂർവ്വഘട്ടം.

c) വിന്ധ്യാ - സത്പുര .

d) ആരവല്ലി.

entri




38.കുന്നുകളുടെ രാജ്ഞി എന്നറിയപ്പെടുന്ന ദക്ഷിണേന്ത്യയിലെ സുഖവാസ കേന്ദ്രം ഏത് ?

a) കൊടൈക്കനാൽ

b) ഊട്ടി.

c) കോട്ടഗിരി.

d) മൂന്നാർ.


39.ഭൗമ ചലനങ്ങളാൽ പ്രധാന ഉപദ്വീപീയ പീഠഭൂമിയിൽ നിന്നും വേറിട്ട് നിൽക്കുന്ന പീഠഭൂമികൾ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ എവിടെയൊക്കെയായി സ്ഥിതി ചെയ്യുന്നു ?


a) അരുണാചൽ പ്രദേശ്, നാഗാലാൻഡ്

b) മേഘാലയ, ആസാം

c) ത്രിപുര, അരുണാചൽ പ്രദേശ്

d) ത്രിപുര, മിസോറാം




40. പശ്ചിമഘട്ടത്തിന്റെ ഏത് ഭാഗത്താണ് മഴനിഴൽ പ്രദേശങ്ങൾ കാണപ്പെടുന്നത്?

a) പടിഞ്ഞാറ് ഭാഗത്ത്

b) കിഴക്ക് ഭാഗത്ത്

c) പശ്ചിമ തീരത്തോട് ചേർന്ന ഭാഗത്ത്


d) അറബിക്കടലിനോട് ചേർന്ന് ഭാഗത്ത്

entri

### മഴനിഴൽപ്രദേശങ്ങൾ




കടലിൽനിന്നും ഈർപ്പം വഹിച്ചെത്തുന്ന കാറ്റുകൾ പർവതങ്ങളിൽ തട്ടി ഉയരുന്നു. ഇത്തരത്തിൽ ഉയരുന്ന വായു ഘനീഭവിച്ച് മഴമേഘങ്ങൾ രൂപപ്പെടുകയും പർവതങ്ങളുടെ കാറ്റിന് അഭിമുഖമായ വശത്ത് ധാരാളം മഴ നല്കുകയും ചെയ്യുന്നു. എന്നാൽ പർവതങ്ങളുടെ പ്രതിമുഖവശത്ത് താഴ്ന്നിറങ്ങുന്ന വായു പൊതുവെ ഈർപ്പരഹിതമായതിനാൽ അവിടെ മഴ കുറവായിരിക്കും. ഇത്തരം പ്രദേശങ്ങളെ മഴനിഴൽ പ്രദേശങ്ങൾ (Rain shadow regions) എന്ന് വിളിക്കുന്നു.




41. ഒരു നദിയിലേക്ക് ജലം ഒഴുകിയെത്തുന്ന നിശ്ചിത ഭൂപ്രദേശം അറിയപ്പെടുന്നത്?

a) വൃഷ്ടിപ്രദേശം b) നീർത്തടം

c) ജലവിഭാജകം d) നദീതടം

entri

**വൃഷ്ടിപ്രദേശം (Catchment Area):** ഒരു നദിയിലേക്ക് ജലം ഒഴുകിയെത്തുന്ന നിശ്ചിത ഭൂപ്രദേശമാണ് ആ നദിയുടെ വൃഷ്ടിപ്രദേശം.

**നീർത്തടം (Drainage Basin):** ഒരു നദിയും അതിന്റെ പോഷകനദികളും ഉൾപ്പെടുന്ന പ്രദേശത്തെ നീർത്തടം (Drainage Basin) എന്നു വിളിക്കുന്നു.

**ജലവിഭാജകം (Water Divide):** രണ്ട് നീർത്തടങ്ങളെ തമ്മിൽ വേർതിരിക്കുന്ന അതിർത്തി രേഖയെ ജലവിഭാജകം എന്നുവിളിക്കുന്നു.

42. പ്രാണഹിത ഏതു നദിയുടെ പോഷക നദിയാണ്?

a) മഹാനദി b) ഗോദാവരി

c) കൃഷ്ണ d) കാവേരി

| നദി | ഉദ്ഭവം | പ്രധാന പോഷകനദികൾ | നദീതടം ഉൾക്കൊള്ളുന്ന സംസ്ഥാനങ്ങൾ |
|---|---|---|---|
| മഹാനദി | റായ്പൂരിലെ സിഹാവ (ഛത്തീസ്ഗഢ്) | ഇബ്, ടെൽ | ഛത്തീസ്ഗഢ്, ഒഡിഷ, മധ്യപ്രദേശ് |
| ഗോദാവരി | മഹാരാഷ്ട്രയിലെ നാസിക് | പ്രാണഹിത, ഇന്ദ്രാവതി, ശബരി | മഹാരാഷ്ട്ര, മധ്യപ്രദേശ്, ആന്ധ്രാപ്രദേശ് |
| കൃഷ്ണ | മഹാരാഷ്ട്രയിലെ മഹാബലേശ്വർ | തുംഗഭദ്ര, ഭീമ, കൊയ്ന | മഹാരാഷ്ട്ര, കർണ്ണാടകം, ആന്ധ്രാപ്രദേശ് |
| കാവേരി | ബ്രഹ്മഗിരിക്കുന്നുകൾ (കർണ്ണാടകം) | കബനി, ഭവാനി, അമരാവതി | കർണ്ണാടകം, തമിഴ്നാട്, കേരളം |

| നദി | ഉദ്ഭവം | പ്രധാന പോഷകനദികൾ | നദീതടം ഉൾക്കൊള്ളുന്ന സംസ്ഥാനങ്ങൾ |
|---|---|---|---|
| നർമ്മദ | അമർഖണ്ഡക് (മധ്യപ്രദേശ്) | ഹിരൺ, ബൻജാർ | മധ്യപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത് |
| താപ്തി | മുൾതായ് (മധ്യപ്രദേശ്) | പൂർണ്ണ, ഗിർന | മധ്യപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത് |

43. കാവേരി നദി ജലതർക്കത്തെ സംബന്ധിച്ച് അന്തിമ വിധി വന്നത് ഏത് വർഷമാണ് ?

a) 1924 b) 1990 c) 2005 d) 2007

**കാവേരി നദീജല തർക്കം**

കർണ്ണാടകം, തമിഴ്നാട് എന്നീ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കിടയിൽ കാവേരി നദീജലം പങ്കിടുന്നതുമായി ബന്ധപ്പെട്ട് ദീർഘകാലമായി തർക്കം നിലനിൽക്കുന്നു. നദീജലം പങ്കിടുന്നതുമായി ബന്ധപ്പെട്ട് സ്വാതന്ത്ര്യത്തിന് മുമ്പുണ്ടാക്കിയ കരാർ (1924) മദ്രാസ് പ്രസിഡൻസിക്ക് കൂടുതൽ അനുകൂലമായതിനാൽ അത് അസാധുവാക്കണമെന്ന് കർണ്ണാടക സംസ്ഥാനവും എന്നാൽ മുൻകരാറിൽ മാറ്റം വരുത്തിയാൽ തമിഴ്നാട്ടിലെ ദശലക്ഷകണക്കിന് കർഷകരെ ബാധിക്കും എന്ന് തമിഴ്നാടും നിലപാടെടുത്തു. പ്രശ്നം പഠിക്കുന്നതിനായി കേന്ദ്രസർക്കാർ 1990-ൽ ഒരു ട്രിബ്യൂണലിനെ നിയമിച്ചു. 2007-ൽ പുറത്തുവന്ന അന്തിമ വിധിയിൽ കാവേരീജലം പങ്കിടുന്നതുമായി ബന്ധപ്പെട്ട് ധാരണയുണ്ടാക്കുകയും ചെയ്തു. ഇതിൻ പ്രകാരം പ്രതിവർഷം 419 TMC ജലം തമിഴ്നാടിനും 270 TMC ജലം കർണ്ണാടകത്തിനും 30 TMC ജലം കേരളത്തിനും 7 TMC ജലം പുതുച്ചേരി കേന്ദ്രഭരണപ്രദേശത്തിനും എന്ന തരത്തിൽ നിശ്ചയിച്ചു. (1 TMC = 1000 ദശലക്ഷം ക്യുബിക് അടി) തർക്കം ഇനിയും തീർന്നിട്ടില്ല. സംസ്ഥാനങ്ങളുടെ പുനരാലോചനാഹർജികൾ കോടതിയുടെ പരിഗണനയിലാണ്.

44. ഉപദ്വീപീയ ഇന്ത്യയിലെ ഏറ്റവും വലിയ നദിയായ ഗോദാവരിയുടെ വൃഷ്ടി പ്രദേശ ദൈർഘ്യം എത്രയാണ് ?

a) 3.3 ലക്ഷം ചതുരശ്ര കിലോമീറ്റർ

b) 3.6 ലക്ഷം ചതുരശ്ര കിലോമീറ്റർ

c) 3.13 ലക്ഷം ചതുരശ്ര കിലോമീറ്റർ

d) 3.19 ലക്ഷം ചതുരശ്ര കിലോമീറ്റർ

45.റവൈൻസ് സൃഷ്ടിക്കുന്നത് മധ്യ ഉന്നതടത്തിലെ ഏത് നദിയാണ് ?

a) ചമ്പൽ b) ബെത്വ c) കെൻ d) സിന്ധ്



46. കൃഷ്ണരാജസാഗർ ഏത് നദിയിലുള്ള ജലവൈദ്യുത പദ്ധതിയാണ് ?

a) മഹാനദി b) തുങ്കഭദ്ര

c) നർമ്മദ d) കാവേരി

| നദീതടപദ്ധതി | നദി | സംസ്ഥാനം |
|---|---|---|
| ഹിരാകുഡ് | മഹാനദി | ഒഡിഷ |
| തുംഗഭദ്ര | തുംഗഭദ്രാനദി (കൃഷ്ണാനദിയുടെ പോഷകനദി) | കർണ്ണാടകം |
| സർദാർസരോവർ | നർമ്മദ | ഗുജറാത്ത് |
| കൃഷ്ണരാജസാഗർ | കാവേരി | കർണ്ണാടകം |
| നിസാംസാഗർ | ഗോദാവരി | ആന്ധ്രാപ്രദേശ് |

Answers:

| | | | | |
|---|---|---|---|---|
| 1. B<br>2. A<br>3. A | 11. C<br>12. B<br>13. B | 21. B<br>22. D<br>23. B | 31. D<br>32. A<br>33. B | 41. A<br>42. B<br>43. D |

| | | | | |
|---|---|---|---|---|
| 4. A<br>5. B<br>6. B<br>7. D<br>8. A<br>9. B<br>10. b | 14. C<br>15. B<br>16. A<br>17. A<br>18. A<br>19. D<br>20. d | 24. C<br>25. A<br>26. C<br>27. C<br>28. C<br>29. B<br>30. c | 34. C<br>35. A<br>36. C<br>37. B<br>38. B<br>39. B<br>40. b | 44. .<br>45. A<br>46. d |

**THANK YOU**